**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 657** **23-02-2022 - ൽ മറുപടിയ്ക്ക്**

**എനർജി മാനേജ്മെന്റ് സിസ്റ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉപയോഗിക്കപ്പെടുന്ന വൈദ്യുതിയുടെ എത്ര ശതമാനമാണ് എനർജി മാനേജ്മെന്റ് സിസ്റ്റം ഇല്ലാത്തതു മൂലം നഷ്ടമാകുന്നത് എന്ന് കണക്കാക്കിയിട്ടുണ്ടോ; | (എ) | പൂർണ്ണമായ എനർജി മാനേജ്മെന്റ് സിസ്റ്റം സംസ്ഥാനത്ത് നിലവിൽ ഇല്ലാതിരുന്നാൽ കേന്ദ്ര സർക്കാരിന്റെ ഊർജ്ജ വകുപ്പിന് കീഴിലുള്ള ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി നടത്തിയ "ഉന്നതീ" റിപ്പോർട്ട് പ്രകാരം കേരളത്തിൽ 2030 ഓടെ ഗാർഹിക മേഖലയിൽ 0.548 ദശലക്ഷം ടൺ എണ്ണയ്ക്ക് തുല്യം (Million Tonnes of Oil Equivalent) യും, വാണിജ്യ മേഖലയിൽ 0.235 MToE യും, വ്യാവസായിക മേഖലയിൽ 1.341 MToE യും, മുനിസിപ്പൽ മേഖലയിൽ 0.018 MToE യും, ഗതാഗത മേഖലയിൽ 0.738 MToE യും, കാർഷിക മേഖലയിൽ 0.016 MToE യും ഊർജ്ജ നഷ്ടം ഉണ്ടാകും. അങ്ങനെ പൂർണ്ണമായ എനർജി മാനേജ്മെന്റ് സിസ്റ്റം സംസ്ഥാനത്ത് നിലവിൽ ഇല്ലാതിരുന്നാൽ മേല്പറഞ്ഞ റിപ്പോർട്ട് പ്രകാരം 2030-ഓടെ ആകെ 2.896 MToE ഊർജ്ജം നഷ്ടമാകും. |
| (ബി) | എല്ലാ സ്ഥാപനങ്ങൾക്കും ഗാർഹിക ഉപഭോക്താക്കൾക്കും ഇതു സംബന്ധിച്ച് അവബോധം നൽകുന്നതിനും എനർജി ഓഡിറ്റ് നടത്തി ഇത് പരിഹരിക്കുന്നതിനും എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | കേരളത്തിലെ എല്ലാ വൻകിട വൈദ്യുത ഊർജ്ജ ഉപഭോക്താക്കൾക്കും ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കി സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഊർജ്ജ ഓഡിറ്റ് നടത്തുന്നതിന് കേരളത്തിനു അകത്തും പുറത്തും നിന്നുള്ള 49 ഊർജ്ജ ഓഡിറ്റ് സ്ഥാപനങ്ങളെ എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി) എംപാനൽ ചെയ്ത് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ഊർജ്ജ ഓഡിറ്റ് നടത്തുന്നതിന് സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സഹായമായി ഊർജ്ജ ഓഡിറ്റ് സബ്സിഡി സ്കീം ഇ.എം.സി നടപ്പിലാക്കി വരുന്നു. ഊർജ്ജ ഓഡിറ്റ് സബ്സിഡി ലഭിക്കുന്നതിന് ഇ.എം.സി എംപാനൽ ചെയ്ത ഊർജ്ജ ഓഡിറ്റ് സ്ഥാപനങ്ങൾ മുഖാന്തിരം അപേക്ഷിക്കേണ്ടതാണ്. ഊർജ്ജ ഓഡിറ്റ് ഫീസിന്റെ 50 ശതമാനമോ അല്ലെങ്കിൽ പരമാവധി 50,000 രൂപ |

| | | | |
|---|---|---|---|
| | | | വരെ സബ്സിഡിയായി ലഭിക്കുന്നതാണ്.<br>സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച് നൽകുന്ന പൊതു കെട്ടിടങ്ങളിൽ ഇ.എം.സി മുഖേന ഊർജ്ജ ഓഡിറ്റ് നടത്തി ഊർജ്ജ ഓഡിറ്റ് റിപ്പോർട്ട് അതാത് സ്ഥാപനങ്ങൾക്ക് സമർപ്പിച്ചു വരുന്നു. ഗാർഹിക മേഖലയിലെ ഊർജ്ജ ഉപഭോക്താക്കൾക്ക് അവരുടെ ഊർജ്ജ ഉപഭോഗം കണക്കാക്കാനും കുറയ്ക്കുവാനുമുള്ള മാർഗങ്ങൾ കണ്ടെത്തുവാൻ സഹായിക്കുന്നതിനായി ഹോം എനർജി ഓഡിറ്റ് സ്കീം ഇ.എം.സി രൂപീകരിച്ചിട്ടുണ്ട്. ഹോം എനർജി ഓഡിറ്റ് സർട്ടിഫിക്കറ്റ് കോഴ്സിന്റെ ആദ്യ ബാച്ച് പരിശീലനം പൂർത്തിയാക്കി. ഇതിന്റെ ഭാഗമായി 72 പേർ സർട്ടിഫിക്കറ്റ് നേടി. ഇവരുടെ സേവനം പ്രയോജനപ്പെടുത്തി ഹോം എനർജി ഓഡിറ്റ് നടത്തുന്നതിനായുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി ദേശീയതലത്തിൽ ശ്രദ്ധ നേടുകയും "ഹോം എനർജി അസസർ" എന്ന പേരിൽ ദേശീയതലത്തിൽ നടത്തുവാൻ കേന്ദ്ര സർക്കാരിന്റെ ഊർജ്ജ വകുപ്പിന് കീഴിലുള്ള ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി തീരുമാനിച്ചിട്ടുണ്ട്. ഇതിനായുള്ള സാങ്കേതിക സഹായം എനർജി മാനേജ്മെന്റ് സെന്ററാണ് നൽകുന്നത്. വീടുകളിലെ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും, കാര്യക്ഷമത വിലയിരുത്തുന്നതിനുമുള്ള രീതികൾ, ഊർജ്ജ സംരക്ഷണ വിദ്യകൾ, ഊർജ്ജ കാര്യക്ഷമമായ ഉപകരണങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും ഉൾക്കൊള്ളുന്ന പരിശീലന പരിപാടികളും ഇ.എം.സി മുഖേന നടത്തിവരുന്നു. പൊതുജനങ്ങൾക്ക് ഊർജ്ജ സംരക്ഷണ രംഗത്ത് അവബോധം സൃഷ്ടിക്കുന്നതിനു വേണ്ടി സർക്കാർ ഇതര സ്ഥാപനങ്ങൾ (NGO) വഴി "ഊർജ്ജകിരൺ" എന്ന പേരിൽ ഊർജ്ജ സംരക്ഷണ ക്ലാസ്സുകളും നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ